**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5195** **14-03-2023 - ൽ മറുപടിയ്ക്ക്**

**മലയോര മേഖലയിലുള്ളവരുടെയും പട്ടിക ഗോത്രങ്ങളിൽപ്പെട്ടവരുടെയും കൈവശ ഭൂമിക്ക് പട്ടയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | മലയോര മേഖലയിലുള്ളവരുടെയും പട്ടിക ഗോത്രങ്ങളിൽപ്പെട്ടവരുടെയും കൈവശ ഭൂമിക്ക് പട്ടയം നൽകുന്നതിന് നിസ്സാര കാരണങ്ങൾ കാണിച്ചും സാങ്കേതിക തടസ്സങ്ങൾ പറഞ്ഞും ദശാബ്ദങ്ങളായി വിഘ്നം സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ മേഖലാതല യോഗങ്ങൾ ചേർന്നിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | മലയോര മേഖലയിലുള്ളവരുടെയും പട്ടിക ഗോത്രങ്ങളിൽപ്പെട്ടവരുടെയും കൈവശ ഭൂമിക്ക് പട്ടയം നൽകുന്നതിന് നിയമപരമായ തടസ്സങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ മലയോര – ആദിവാസി മേഖലകളിൽ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് അവരുടെ താമസസ്ഥലത്തിന് പട്ടയം അനുവദിക്കുന്നതിന് വേണ്ടി പ്രത്യേക മാർഗരേഖകൾ തയ്യാറാക്കി പട്ടയം മിഷനിൽ ഉൾപ്പെടുത്തി പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് വേണ്ടി ഊർജിത നടപടി സ്വീകരിച്ചു വരുന്നുണ്ട്. 1960 ലെ കേരള ഭൂപതിവ് നിയമത്തിനെ അധികരിച്ച് രൂപപ്പെടുത്തിയ 1993 കേരള ഭൂമി നൽകൽ (1-1-1977 നു മുമ്പ് വനഭൂമിയിൽ നടത്തിയിട്ടുള്ള കുടിയേറ്റങ്ങൾ ക്രമപ്പെടുത്തൽ) പ്രത്യേക ചട്ടങ്ങൾ, 2001 ലെ കേരള ഗവൺമെന്റ് ഭൂമി പട്ടിക വർഗ്ഗങ്ങൾക്ക് പതിച്ചു നൽകൽ ചട്ടങ്ങൾ എന്നിവ പ്രകാരവും 1971 ലെ കേരള സ്വകാര്യ വനം നിക്ഷിപ്തമാക്കലും പതിച്ച് നൽകലും നിയമവും അതിന്റെ ചട്ടങ്ങളും പ്രകാരമാണ് മലയോര പട്ടികവർഗ്ഗ മേഖലയിലെ പട്ടയങ്ങൾ അധികവും നൽകേണ്ടത്. ഇതു കൂടാതെ കേന്ദ്ര നിയമമായ വനാവകാശ നിയമപ്രകാരം പട്ടികവർഗ്ഗക്കാർക്ക് വനാവകാശ രേഖയും നൽകേണ്ടതായിട്ടുണ്ട്. മലയോര പട്ടയങ്ങൾ വിതരണ യോഗ്യമാക്കുന്നതു സംബന്ധിച്ച പ്രവർത്തനം വിവിധ ഘട്ടങ്ങളായി നടന്നു വരുന്നു. ആദിവാസി മലയോര പട്ടയ പ്രശ്നങ്ങൾ പരിഹരിക്കാൻ പൊതുവായും മേഖലാ തലത്തിലും യോഗങ്ങൾ ചേർന്നിട്ടുണ്ട്. |
| (ബി) | അർഹരായ എല്ലാവർക്കും പട്ടയം സമയബന്ധിതമായി നൽകാൻ റവന്യൂ മന്ത്രിയുടെ നേതൃത്വത്തിൽ ഇതിനായി പ്രത്യേകം മേൽനോട്ട | (ബി) | എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ എല്ലാ സേവനങ്ങളും സ്മാർട്ട് എന്ന ലക്ഷ്യവുമായി പ്രവർത്തിക്കുന്ന കേരളത്തിലെ റവന്യൂ വകുപ്പ് ഏറ്റവും |

| | | | |
|---|---|---|---|
| | സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | | പ്രാധാന്യത്തോടെ നടപ്പാക്കുന്ന കർമ പദ്ധതിയാണ് പട്ടയം മിഷൻ. മലയോര മേഖല, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ, വിവിധ കോളനികളിൽ താമസിക്കുന്നവർ എന്നിവർക്ക് അടിയന്തര പ്രാധാന്യത്തോടെ പട്ടയം നൽകാനായി പട്ടയ മിഷൻ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനതലത്തിൽ ലാൻഡ് റവന്യൂ കമ്മീഷണറുടെ മേൽനോട്ടത്തിൽ അസിസ്റ്റന്റ് കമ്മീഷണർ (LA) നേതൃത്വത്തിൽ പ്രത്യേക സെൽ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ എല്ലാ ജില്ലയിലും ഡെപ്യൂട്ടി കളക്ടർ (LR) ന്റെ നേതൃത്വത്തിൽ ജില്ലാതല പട്ടയ മിഷനും എല്ലാ താലൂക്കിലും ഡെപ്യൂട്ടി തഹസിൽദാരുടെ നേതൃത്വത്തിൽ താലൂക്ക് തല പട്ടയ മിഷനും രൂപീകരിച്ചിട്ടുണ്ട്. അർഹരായ മുഴുവൻ ഭൂരഹിതർക്കും സമയബന്ധിതമായി പട്ടയ വിതരണത്തിനുള്ള തുടർ നടപടികൾ താലൂക്ക് തലത്തിൽ കൈക്കൊള്ളുവാനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതിന്റെ പുരോഗതി ലാൻഡ് റവന്യൂ കമ്മീഷണർ വിലയിരുത്തുന്നുണ്ട്. നിയമപ്രകാരം പട്ടയം നൽകുന്നതിനു തടസ്സങ്ങളുള്ള കൈവശങ്ങളുടെ വിശദാംശങ്ങൾ സംസ്ഥാനതലത്തിൽ ക്രോഡീകരിക്കുന്നതിനുള്ള ഓൺലൈൻ പോർട്ടലിന്റെ (പട്ടയം ഡാഷ്ബോർഡ്) പ്രവർത്തനവും ആരംഭിച്ചിട്ടുണ്ട്. ടി പോർട്ടലിൽ ലഭ്യമാക്കിയിട്ടുള്ള പട്ടയ പ്രശ്നങ്ങൾ സംസ്ഥാനതലത്തിൽ പരിശോധിച്ച ശേഷം പരിഹരിക്കാവുന്നവ വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ ജില്ലാ കളക്ടർമാർക്കു ലാൻഡ് റവന്യൂ കമ്മീഷണർ നൽകി വരുന്നു. സർക്കാർ ഉത്തരവുകളുടെയോ അല്ലെങ്കിൽ ചട്ട ഭേദഗതികളിലൂടെയോ പരിഹരിക്കേണ്ടവ സർക്കാർ തലത്തിൽ പരിശോധിച്ച് നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | പുറമ്പോക്ക് ഭൂമിയിൽ വീടുവച്ച് താമസിക്കുന്നവർക്ക് പട്ടയം ലഭിക്കാത്ത പ്രശ്നം പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (സി) | പുറമ്പോക്ക് ഭൂമിയിൽ വീടുവച്ച് താമസിക്കുന്നവർക്ക് ആയതു പതിവിനു വിധേയമായ ഭൂമി ആണെങ്കിൽ താലൂക്ക്/ മുൻസിപ്പൽ പതിവ് കമ്മിറ്റി മുഖേന പതിച്ചു നൽകുന്നുണ്ട്. എന്നാൽ പതിവിനു വിധേയമല്ലാത്ത ഭൂമിയാണെങ്കിൽ ഓരോരോ കേസും പ്രത്യേകമായി പരിശോധിച്ചു നിയമപരമായി അനുവദിക്കാൻ കഴിയുന്ന എല്ലാ പട്ടയങ്ങളും നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ